(സി) അർബൻ 2020 പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിലായി 4000 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നഗരസഭകൾക്ക് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നഗരസഭകളുടെ സ്ഥാപന ശാക്തീകരണത്തിനും ജീവനക്കാരുടെയും ജന പ്രതിനിധികളുടെയും പരിശീലനത്തിനുംവേണ്ടി 49 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

(ഡി) അർബൻ 2020 പദ്ധതിയുടെ നോഡൽ ഏജൻസി കെ.എസ്.യു.ഡി.പി.-യാണ്.

അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ്

312 (3294) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT) പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ അനുവദിച്ച ഏക മുൻസിപ്പാലിറ്റി തിരിച്ച് വിശദമാക്കുമോ ; 2014-15-ൽ എത്ര ഏകയുടെ പദ്ധതികളാണ് മാവേലിക്കര മുൻസിപ്പാലിറ്റിയുടെതായി പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കേരള സസ്റ്റെനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട് (KSUDP) പ്രകാരം മാവേലിക്കര മുൻസിപ്പാലിറ്റിയിൽ എത്ര ഏക, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം 2014-15-ൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നല്കുവാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) അടിയന്തിരമായി ഭരണാനുമതി നല്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി. ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ ഏക നഗരസഭ ആലപ്പുഴ നഗരസഭയാണ്. യു.ഐ.ഡി.എസ്.എസ്.എം.റ്റി. ആദ്യഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നഗരസഭ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി നാളിതുവരെ

LIBRARY ARCHIVES Kerala Legislative Assembly

9909.09 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. യു.ഐ.ഡി.എസ്.എസ്.എം.റ്റി. ടാൻസിഷൻ ഫെയ്സിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി ജലാശയങ്ങളുടെ സംരക്ഷണത്തിനുള്ള 10.5 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി മാവേലിക്കര മുനിസിപ്പാലിറ്റി കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് കേന്ദ്രാനുമതി ലഭ്യമാകുകയുണ്ടായില്ല.

(ബി) മാവേലിക്കര മുനിസിപ്പാലിറ്റിയുടെ ജലാശയ സംരക്ഷണ പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിന്റെ ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമല്ലാതെ വന്നിരിക്കുകയാണ്.

(സി) മാവേലിക്കര മുനിസിപ്പാലിറ്റിയുടെ ഒരു പ്രോജക്ടും യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്കീമിൽപ്പെടുത്തി തുകയൊന്നുംതന്നെ അനുവദിച്ചിട്ടില്ല.

(ഡി) ഭരണാനുമതി നൽകുവാനുള്ള പദ്ധതികളൊന്നുംതന്നെയില്ല.

(ഇ) ബാധകമല്ല.

ജൻറം പദ്ധതി

313 (3295) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രനഗരകാര്യമന്ത്രാലയം നടപ്പിലാക്കുന്ന ജൻറം പദ്ധതിയുടെ ഭാഗമായി നഗരസഭകളുടെ സുസ്ഥിര വികസനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം 2011-12-ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരങ്ങൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം 2012-13-ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം 2013-14-ൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കി ;

(ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം 2014-15 സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു ; ഏതെല്ലാം നഗരസഭകൾക്ക് എത്ര തുക വീതം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly